പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3580 10/04/2013 - ൽ മറുപടിയ്ക്ക്

## കാർഷികവിപണനം ശക്തിപ്പെടുത്താൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. എ. മാധവൻ<br>,, ഷാഫി പറമ്പിൽ<br>,, സി. പി. മുഹമ്മദ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് കാർഷിക വിപണനം ശക്തിപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) | കേരളത്തിലെ കാർഷിക വിപണനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ ആറ് മൊത്ത് വ്യാപാര വിപണികൾ പ്രവർത്തിക്കുന്നുണ്ട്. ഈ വിപണികളിൽ കർഷകർക്ക് അവരുടെ കാർഷികോല്പ്പന്നങ്ങൾ നേരിട്ട് ലേലം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിനായി ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ നിശ്ചിത ദിവസം അവരുടെ ഉല്പ്പന്നങ്ങൾ ലേലം നടത്തി വിപണനം ചെയ്യുന്നു. ഓരോ ഉല്പ്പന്നങ്ങൾക്കും ഗുണനിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിച്ചിട്ടാണ് ലേലം ചെയ്യുന്നത്. കർഷകർ വിപണിയിലെത്തിക്കുന്ന ഉല്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡി വിപണിയിൽ നിന്നും നൽകുന്നുണ്ട്. അങ്ങനെ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നു. കാർഷിക വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ |

വിപണികളിലൂടെയുള്ള ലേല നടപടികൾ ശക്തിപ്പെടുത്തുന്നതിനും വിപണികളിലെ റോഡ് സൗകര്യം, ശീതീകരണ സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 605 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള മാർക്കറ്റ് ശാക്തീകരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ഇതിനു പുറമേ ഹോർട്ടികോർപ്പ്, വി എഫ് പി സി കെ എന്നീ ഏജൻസികൾ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ എന്ന പദ്ധതി പ്രകാരം വിപണി ഇടപെടൽ നടത്തി കാർഷിക വിപണനം മെച്ചപ്പെടുത്തുന്നു. ടി ഏജൻസികൾ കർഷകരിൽ നിന്നും പരമാവധി പഴം, പച്ചക്കറികൾ ന്യായവില നൽകി സംഭരിച്ച് അവരുടെ റീട്ടെയിൽ സ്റ്റാളുകളിലൂടെ വിപണനം നടത്തുന്നു. 2012 മെയ് മുതൽ ആഗസ്റ്റ് മാസം വരെയും ഡിസംബർ - ജനുവരി 2013 ലും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ യും വിപണി ഇടപെടൽ നടത്തിയിട്ടുണ്ട്. ഉത്സവ സീസണുകളിലും മറ്റും ടി ഏജൻസികളും സംസ്ഥാന കൃഷി വകുപ്പ് എസ്.എച്ച്. എം. എന്നിവരും പഴം-പച്ചക്കറികൾ വിപണനം നടത്തുന്നതിനുള്ള മേളകൾ സംഘടിപ്പിക്കുന്നുണ്ട്. വി എഫ് പി സി കെ യ്ക്ക് ഗ്രാമീണതലത്തിലുള്ള കർഷക മാർക്കറ്റുകളുടെ വികസനത്തിനായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള അഗ്മാർക്ക്നെറ്റ് നോഡുകളിലൂടെ കാർഷിക വില വിവരം ശേഖരിച്ച് രാവിലെ തന്നെ ഇന്റർനെറ്റിലേക്ക് ലോഡ് ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) | ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി സംസ്ഥാനത്ത് നെടുമങ്ങാട്, ആനയറ, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലായി സ്ഥാപിച്ചിട്ടുള്ള ആറ് മൊത്ത വ്യാപാര വിപണികളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. ഓരോ വിപണികളുടേയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി അവരിൽ നിന്നുള്ള ഉല്പന്നങ്ങളാണ് വിപണിയിലൂടെ ലേലം നടത്തി വിപണനം ചെയ്യുന്നത്. വിപണി ഇടപെടലുകളിലൂടെ കാർഷിക വിപണനം ശക്തിപ്പെടുത്തിയ ഏജൻസികൾ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ യുമാണ്. ഹോർട്ടികോർപ്പ് നിലവിലുള്ള റീട്ടെയിൽ സ്റ്റാളുകൾക്ക് പുറമേ പുതുതായി ആരംഭിച്ച സ്റ്റാളുകളിലൂടെയും സപ്ലൈകോയുമായി സഹകരിച്ച് ആരംഭിച്ച സ്റ്റാളുകൾ, മൊബൈൽ യൂണിറ്റ് എന്നിവയിലൂടെയും ഫെയറുകൾ സംഘടിപ്പിച്ചു മാണ് പച്ചക്കറികളുടെ വിപണി ഇടപെടൽ നടത്തിയത്. വി.എഫ്.പി.സി.കെ സംസ്ഥാന ത്തുടനീളമുള്ള നൂറ്റിയമ്പതോളം സ്റ്റാളുകളിലൂടെ പച്ചക്കറികൾ സബ്സിഡി നിരക്കിൽ വിപണനം നടത്തി വിപണി ഇടപെടൽ നടത്തിയിട്ടുണ്ട്. ഉത്സവസീസണിൽ സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ വിൽപ്പന നടത്തി വിപണി ഇടപെടൽ നടത്തിയത് കേരഫെഡിലൂടെയാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ